(ഡി) അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.†

(ഇ) (1) നികുതി പരിഷ്കരണങ്ങൾ

2003-04-ലെ ബഡ്ജറ്റ് സെഷനിൽ മൂല്യവർദ്ധിത നികുതി ബിൽ കേരള നിയമസഭ പാസ്സാക്കി.

പൊതുധാരണയനുസരിച്ച് മൂല്യവർദ്ധിത നികുതി 1-4-2005 മുതൽ നടപ്പിലാക്കും. ഇതിനായി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം പ്രതീക്ഷിക്കുന്നു.

(2) നികുതിയേതര വരുമാനം

ഗവൺമെന്റ് സേവനങ്ങളുടെ ഉപഭോഗ ചാർജ്ജ് വർദ്ധിപ്പിച്ച് പുതിയ മേഖലകളിൽ ഇത് വ്യാപരിപ്പിച്ചുകൊണ്ട് ചെലവ് മെച്ചപ്പെട്ട രീതിയിൽ വസൂലാക്കുന്നതിന് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നടപടി തുടർന്നു കൊണ്ടിരിക്കുന്നു.

വകുപ്പുതലത്തിലുള്ള ഉപഭോഗ ചാർജ്ജ് കാലാകാലങ്ങളിൽ ഉയർന്ന തോതിൽ വർദ്ധിപ്പിക്കുന്നതിനും നടപടി എടുത്തുകഴിഞ്ഞു.

നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി മുൻപ് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് 31-12-2001 മുതൽ നടപ്പിലാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

പുതിയ നികുതികൾ

*4 [34] ശ്രീ. ടി. വി. ചന്ദ്രമോഹൻ:

" എം. എ. ചന്ദ്രശേഖരൻ:

" കെ. മുഹമ്മദാലി:

" എം. കെ. പോൾസൺ മാസ്റ്റർ:

" ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായ ഏതെല്ലാം മേഖലയിൽ നികുതി ചുമത്താൻ കഴിയുമെന്നതിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാത്തവിധത്തിൽ നിലവിലുള്ള നികുതിക്ക് മാറ്റം വരുത്തുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ;

(സി) വിവാഹങ്ങളോടനുബന്ധിച്ചു കാണുന്ന ആഡംബരങ്ങൾക്ക് നികുതി ചുമത്താനുദ്ദേശമുണ്ടോ;

(ഡി) ഇക്കാര്യത്തിൽ പൊതുജനാഭിപ്രായം ആരായുന്നതിന് എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) പുതിയ നികുതികൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച പഠനമൊന്നും നടത്തിയിട്ടില്ല.

(ബി) നികുതിഘടന ലളിതവും സരളവുമാക്കാനുതകുന്നതരത്തിൽ മൂല്യവർദ്ധിത നികുതി സമ്പ്രദായം നടപ്പിലാക്കാനുള്ള മാർഗ്ഗങ്ങൾ പരിഗണിച്ചു വരുന്നുണ്ട്.

(സി) വിവാഹങ്ങളോടനുബന്ധിച്ചുള്ള ആഡംബരങ്ങൾക്ക് നികുതി ചുമത്തുന്നതിനെ സംബന്ധിച്ച് ഇതുവരെ തീരുമാനം ഒന്നും എടുത്തിട്ടില്ല.

(ഡി) വിവിധതലത്തിൽ ഇത് ചർച്ചാവിഷയമാക്കിയിട്ടുണ്ട്.

കുടിവെള്ള പൈപ്പിലെ ചോർച്ച തടയുന്നതിന് നടപടി

*5[35] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജലവിതരണത്തിനുള്ള പൈപ്പ് ലൈനുകളിൽ ചോർച്ചയും പൊട്ടലും ഉണ്ടാകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) കുടിവെള്ള പൈപ്പിലെ ചോർച്ച യഥാസമയം പരിഹരിക്കുന്നില്ലെന്നും ഒരേഭാഗത്തുതന്നെ ചോർച്ച ആവർത്തിക്കുന്നുവെന്നുമുള്ള പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ചില പ്രത്യേക മേഖലകളിൽ പൈപ്പ് പൊട്ടലും ചോർച്ചയും ആവർത്തിക്കുന്നത് ഒഴിവാക്കാൻ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ഡി) പൈപ്പ് ലൈൻ ചോർച്ചയെ സംബന്ധിച്ച പൊതുജനങ്ങളുടേയും ജനപ്രതിനിധികളുടേയും പരാതികൾ പരിഹരിക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളത്;

(ഇ) ഈ സംവിധാനത്തിന്റെ പ്രവർത്തനം ഉയർന്നതലത്തിൽ വിലയിരുത്തപെടാറുണ്ടോ;

(എഫ്) റിപ്പയറിംഗിനും മെയിന്റനൻസിനും ഉപയോഗിക്കുന്ന പൈപ്പുകളുടേയും ഇതര വസ്തുക്കളുടേയും ഗുണനിലവാരം ഉറപ്പുവരുത്താൻ സംവിധാനമുണ്ടോ;

(ജി) പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും ശുദ്ധജല ലഭ്യത കഴിയുംവേഗം ഉറപ്പുവരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമായ നടപടികൾ കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly